# ഡെന്റൽ ഡോക്ടർമാരുടെ ശ്രദ്ധയ്ക്ക്

ഡെന്റൽ കൗൺസിൽ രജിസ്ട്രേഷൻ നേടാത്ത ആർക്കും തന്നെ ഡെന്റിസ്ട്രി പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്നും അപ്രകാരം രജിസ്ട്രേഷൻ നേടാതെ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള ഡെന്റൽ കൗൺസിൽ മുമ്പാകെ പരാതി സമർപ്പിക്കേണ്ടതാണെന്നും അന്വേഷണത്തിൽ രജിസ്ട്രേഷൻ നേടാതെ പ്രാക്ടീസ് ചെയ്യുന്നുവെന്ന് കാണുന്ന പക്ഷം കൗൺസിൽ അവർക്കെതിരെ ക്രിമിനൽ നടപടി കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു. വ്യാജ ഡോക്ടർമാർ ഉണ്ടാകാതെ ആരോഗ്യമേഖല സംരക്ഷിക്കേണ്ടത് ഓരോ പൗരന്റേയും കടമ ആയതിനാൽ അപ്രകാരമുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ ഉൾപ്പെടെ എല്ലാപേരും കൗൺസിലിനെ അറിയിക്കേണ്ടതാണെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. രജിസ്റ്റേർഡ് ഡെന്റിസ്റ്റുമാരുടെ പേരു വിവരം www.dentalcouncil.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഡെന്റിസ്റ്റുമാരും ഡെന്റൽ ക്ലിനിക്ക് ഉടമസ്ഥരും എത്തിക്സിനു വിരുദ്ധമായി സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നുവെന്ന ധാരാളം പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റേർഡ് ഡെന്റിസ്റ്റുമാർ 2014 ലെ ഡെന്റിസ്റ്റ് (കോഡ് ഓഫ് എത്തിക്സ്) റെഗുലേഷനിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണെന്നും അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ രജിസ്റ്ററിൽ നിന്ന് പേര് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള യുക്തമായ ശിക്ഷാ നടപടികൾ കൗൺസിൽ കൈക്കൊള്ളുന്നതാണെന്നും കോർപ്പറേറ്റുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ അവർ എത്തിക്സിനു വിരുദ്ധമായി പരസ്യം ചെയ്യുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്ന പക്ഷം പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്ന രജിസ്റ്റേർഡ് ഡെന്റിസ്റ്റുമാരും അതിൽ പങ്കാളികളാണെന്ന നിഗമനത്തിൽ അച്ചടക്ക നടപടിക്ക് വിധേയരാകേണ്ടി വരുമെന്നും അതിനാൽ ഓരോ ഡെന്റിസ്റ്റും തങ്ങൾ ജോലി നോക്കുന്ന സ്ഥാപനം എത്തിക്സിനു വിരുദ്ധമായി പ്രവൃത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

ഡെന്റിസ്റ്റുമാർ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതകൾ മാത്രമേ പ്രദർശിപ്പിക്കാൻ പാടുള്ളൂ. അംഗീകൃത യോഗ്യതയല്ലാതെ RDP, MIDA, FIED, MICD, FACD, MRSH, FAGE പോലെയുള്ളവ പേരിനോടൊപ്പം ചേർക്കുന്നത് നിയമ വിരുദ്ധമായതിനാൽ അപ്രകാരം എത്തിക്സിനു വിരുദ്ധമായ പ്രവൃത്തി ചെയ്യുന്നവരും ഡെന്റിസ്റ്റ് ആക്ടിന്റെ 41-ാം വകുപ്പ് അനുശാസിക്കുന്ന ശിക്ഷയ്ക്ക് വിധേയരാകേണ്ടി വരും. 2014 ലെ ഡെന്റിസ്റ്റ് (കോഡ് ഓഫ് എത്തിക്സ്) റഗുലേഷന്റെ പകർപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ ഡെന്റിസ്റ്റുമാരും അത് വ്യക്തമായി മനസ്സിലാക്കേണ്ടതും പ്രസ്തുത റഗുലേഷനുകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത ഡെന്റൽ കോഴ്സുകളോ ട്രെയിനിംഗുകളോ നടത്തുന്നത് നിയമ വിരുദ്ധമാണെന്നും അപ്രകാരം നിയമവിരുദ്ധമായി ഡെന്റിസ്റ്റുകൾക്കുവേണ്ടി അനധികൃത കോഴ്സുകളോ ട്രെയിനിംഗുകളോ നടത്തുന്നവർ 1948 -ലെ ഡെന്റിസ്റ്റ് ആക്റ്റിന്റെ 51, 52 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകേണ്ടി വരും. ആയതിനാൽ അപ്രകാരം അനധികൃത കോഴ്സുകളോ ട്രെയിനിംഗുകളോ ഡെന്റിസ്റ്റുമാർക്കായി നടത്തുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരക്കാർക്കെതിരെ ക്രിമിനൽ നടപടികൾ കൈക്കൊള്ളുന്നതാണ്. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ രജിസ്ട്രേഷനോ ജോലിക്കോ അംഗീകൃത യോഗ്യതയായി കണക്കാക്കുന്നതല്ല എന്നും അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടിയും അച്ചടക്ക നടപടിയും കൈക്കൊള്ളുന്നതാണ്. അതിനാൽ എല്ലാ ഡെന്റൽ ഡോക്ടർമാരും 1948 -ലെ ഡെന്റിസ്റ്റ് ആക്ടിലേയും, അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 2014-ലെ ഡെന്റിസ്റ്റ് (കോഡ് ഓഫ് എത്തിക്സ്) റഗുലേഷനിലേയും വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

രജിസ്ട്രാർ

കേരള ഡെന്റൽ കൗൺസിൽ